# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 3281

13-03-2017- ൽ
മറുപടിയ്ക്ക്

### ന്യൂനപക്ഷ വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന ഭവനപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന പാവപ്പെട്ടവർക്കുള്ള ഭവനപദ്ധതിയനുസരിച്ച് കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) | വകുപ്പ് നടപ്പിലാക്കുന്ന ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. നിയോജക മണ്ഡലം തിരിച്ചുള്ള അപേക്ഷകരുടെ വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. കോട്ടയ്ക്കൽ നിയോജക മണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ ആകെ 3044 അപേക്ഷകരുണ്ടായിരുന്നു. ഇതിൽ നിന്ന് അർഹരായ 260 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | വീട് വയ്ക്കുന്നതിനുള്ള സഹായം എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച മുഴുവൻ തുകയും അതത് ജില്ലകൾക്ക് അനുവദിച്ച വീടുകൾക്ക് ആനുപാതികമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ജില്ലകളിൽ ലഭ്യമായ അപേക്ഷകളിൽമേൽഫീൽഡ് വെരിഫിക്കേഷൻ അടക്കമുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ മാനദണ്ഡ പ്രകാരം വീടു പണിയുടെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് മൂന്നു ഗഡുക്കളായി തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ